# പയ്യന്നൂർ കോളേജ്, പയ്യന്നൂർ

(കണ്ണൂർ സർവകലാശാല അഫിലിയേഷൻ;
നാക് 'എ+' അംഗീകാരം (3.42 സി.ജി.പി.എ.); എൻ.ഐ.ആർ.എഫ്. റാങ്ക് ബാൻഡ്: 151–200)
എടാട്ട് (പി.ഒ), കണ്ണൂർ ജില്ല, 670327; ഫോൺ: 04972805521; 9497653521
വെബ്സൈറ്റ്: www.payyanurcollege.ac.in
ഇ–മെയിൽ: payyanurcollege@rediffmail.com; payyanurcollege65@gmail.com


ESTABLISHED IN 1965

പ്രേഷകൻ
 **പ്രിൻസിപ്പൽ**

## അതിഥി അധ്യാപക ഒഴിവ് - വിജ്ഞാപനം

12.05.2025.

പയ്യന്നൂർ കോളേജിൽ 2025-'26 അധ്യയനവർഷം മാത്തമാറ്റിക്സ് (2), കെമിസ്ട്രി (1), ബോട്ടണി (3), സുവോളജി (1), മലയാളം (1), ഇംഗ്ലീഷ് (2), ഹിന്ദി (1), മാനേജ്മെൻറ് സ്റ്റഡീസ് (1) എന്നീ വിഭാഗങ്ങളിൽ അതിഥി അധ്യാപകരെ ആവശ്യമുണ്ട്. കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ കോളേജ് വെബ്സൈറ്റിൽ (www.payyanurcollege.ac.in) കൊടുത്തിട്ടുള്ള ലിങ്ക് വഴി (https://docs.google.com/forms/d/e/1FAIpQLSeLte4TfJO0szP7C_wgS5aPAqjoyrPdD5TFkL8quMc93SBzOw/viewform?usp=header) **2024 മെയ് 19-നകം** രജിസ്റ്റർ ചെയ്യേണ്ടതാണ്.

**അഭിമുഖം സംബന്ധിച്ച വിശദാംശങ്ങൾ:**

1. കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ 03.11.2024 തീയതിയിലെ ഡി4/8563/2024/DCE നമ്പർ ഉത്തരവിൻറെ അടിസ്ഥാനത്തിലാണ് അതിഥി അധ്യാപകരെ നിയമിക്കുക.

2. മെയ് അവസാന വാരമാണ് അഭിമുഖം നടക്കുക. ഓരോ വിഷയത്തിന്റെയും അഭിമുഖം നടക്കുന്ന തീയതിയും സമയവും മെയ് 23-നുള്ളിൽ കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അഭിമുഖത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന

ചുരുക്കപ്പട്ടികയിൽ ഉള്ളവർക്ക് അപേക്ഷ രജിസ്റ്റർ ചെയ്യുന്ന ഗൂഗിൾ **ഫോമിൽ നൽകിയ ഇമെയിൽ വഴി മാത്രമേ അറിയിപ്പ് നൽകുകയുള്ളൂ.**

3. യു.ജി.സി. റഗുലേഷൻ പ്രകാരമുള്ള വിശദമായ അപേക്ഷ അഭിമുഖത്തിന് വരുമ്പോൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. **അപേക്ഷ തപാൽ വഴി അയക്കേണ്ടതില്ല.** അപേക്ഷാഫോറം കോളേജ് വെബ്സൈറ്റിൽ ലഭ്യമാണ്.
4. അഭിമുഖത്തിന് ഹാജരാകുമ്പോൾ യോഗ്യതകൾ തെളിയിക്കുന്ന എല്ലാ **അസ്സൽ രേഖകളും** (യോഗ്യത സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ, പ്രസിദ്ധീകരണങ്ങൾ മുതലായവ ഉൾപ്പെടെ) ഹാജരാക്കേണ്ടതാണ്. അസ്സൽ രേഖകൾ ഹാജരാക്കാത്ത യോഗ്യത റാങ്കിങ്ങിന് പരിഗണിക്കുന്നതല്ല. യോഗ്യത സർട്ടിഫിക്കറ്റുകളുടെ ഒരു ഫോട്ടോകോപ്പി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5. അസ്സൽ രേഖകളുടെ പരിശോധനക്കായി അഭിമുഖ സമയത്തിന് അര മണിക്കൂർ മുമ്പ് കോളേജിൽ ഹാജരാകേണ്ടതാണ്.

12/5/25

പ്രിൻസിപ്പാൾ
പയ്യന്നൂർ കോളേജ്
പയ്യന്നൂർ